(ഡി) Intensive Industrilization Drive പരിപാടിയനുസരിച്ച് 2013-14 വർഷം 2000 വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. അതിൽ 807 സംരംഭങ്ങൾ ആരംഭിക്കുകയുണ്ടായി.

ടെക്സ്റ്റയിൽ വ്യവസായം നേരിടുന്ന പ്രതിസന്ധി

185 (6636) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടെക്സ്റ്റയിൽ വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ടെക്സ്റ്റയിൽ മില്ലുകൾ നവീകരിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനും വേണ്ടി എത്ര തുക ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പുതുതായി ടെക്സ്റ്റയിൽ മില്ലുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ടെക്സ്റ്റൈൽ വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം ബഡ്ജറ്റ് വിഹിതത്തിനുപുറമേ 60 കോടി രൂപ അധിക ധനസഹായമായി നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള ടെക്സ്റ്റൈൽ മില്ലുകളെ ശക്തിപ്പെടുത്തുന്നതിനായി ചെലവഴിച്ച തുകയുടെ വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) മാള സഹകരണ സ്പിന്നിംഗ് മിൽ 1994-ൽ രജിസ്റ്റർ ചെയ്തുവെങ്കിലും പിന്നീട് ഫണ്ടിന്റെ അഭാവത്തിൽ പ്രവർത്തനം തുടങ്ങാൻ സാധിച്ചിരുന്നില്ല. ടി മിൽ കെ. കരുണാകരൻ മെമ്മോറിയൽ സഹകരണ സ്പിന്നിംഗ് മിൽ എന്ന പേരിൽ പുതുതായി പ്രവർത്തനം ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ പുതുതായി ടെക്സ്റ്റൈൽ മില്ലുകൾ ആരംഭിക്കുവാനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലില്ല.

കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ.യുടെ പ്രവർത്തനങ്ങൾ

186 (6637) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ.യുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഐ.ആർ.ഇ.-ക്ക് ആവശ്യമായ ഇൽമനേറ്റ് ലഭിക്കാതെ ഉൽപ്പാദനം നിർത്തിവച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly